അബൂസ്വാലിഹ

## ലബനാനിൽ രാഷ്ട്രീയ പ്രതിസന്ധി



● സഅ്ദ് ഹരീരി

**ലബനാനിൽ** സഅ്ദ് ഹരീരി നേതൃത്വം നൽകിയിരുന്ന ദേശീയ ഐക്യ ഗവൺമെന്റ് നിലം പതിച്ചു. ഹിസ്ബുല്ല മുഖ്യ കക്ഷിയായ 'മാർച്ച് എട്ട് സഖ്യം' പിന്തുണ പിൻവലിച്ചതാണ് കാരണം. 2005-ൽ ഒരു കാർ സ്ഫോടനത്തിൽ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന റഫീഖ് ഹരീരി വധിക്കപ്പെട്ടിരുന്നു. ഇതിനെക്കുറിച്ച് യു.എന്റെ കീഴിലുള്ള സ്പെഷ്യൽ ട്രൈബ്യൂണൽ ഫോർ ലബനാൻ (എസ്.ടി.എൽ) റിപ്പോർട്ട് സമർപ്പിക്കാനിരിക്കെയാണ് പിന്തുണ പിൻവലിക്കൽ. ഉയർന്ന ഹിസ്ബുല്ല നേതാക്കൾക്കും വധത്തിൽ പങ്കുണ്ടെന്ന് റിപ്പോർട്ടിൽ പരാമർശമുണ്ടെന്നാണ് സൂചന. റിപ്പോർട്ടിന് പിന്നിൽ കളിക്കുന്നത് അമേരിക്കയും ഇസ്രയേലുമാണെന്നും അത് തള്ളിക്കളയണമെന്നും ഹിസ്ബുല്ല നേതാവ് ഹസൻ നസ്റുല്ല അന്ത്യശാസനം നൽകിയിരുന്നു. ഇത് സഅ്ദ് ഹരീരി വകവെക്കാതിരുന്നതാണ് ഗവൺമെന്റിന്റെ തകർച്ചക്ക് വഴിയൊരുക്കിയത്.

2009-ൽ നടന്ന പൊതു തെരഞ്ഞെടുപ്പിൽ സഅ്ദ് നേതൃത്വം നൽകുന്ന 'മാർച്ച് 14 സഖ്യ'ത്തിനാണ് മുൻതൂക്കം ലഭിച്ചിരുന്നത്. ഒറ്റക്ക് ഭൂരിപക്ഷം ലഭിക്കാതിരുന്നത് കൊണ്ടാണ് ഐക്യസർക്കാർ രൂപവത്കരിച്ചത്. നേരത്തെ നടന്ന അന്വേഷണത്തിൽ റഫീഖ് ഹരീരി വധത്തിന് പിന്നിൽ സിറിയ ആണെന്നായിരുന്നു സൂചന. സിറിയയുമായി സഅ്ദും ഒരു പരിധി വരെ അമേരിക്കയും സൗഹൃദത്തിലായതോടെ പ്രതിപ്പട്ടികയിൽ മാറ്റം വന്നു. ഹിസ്ബുല്ല പ്രതിസ്ഥാനത്തേക്ക് വരുന്നത് അങ്ങനെയാണെന്നാണ് ആരോപണം. അമേരിക്കയോട് അമിത വിധേയത്വം പുലർത്തുന്ന സഅ്ദ്, ഹിസ്ബുല്ലയെ ഇതിനകം വേണ്ടത്ര ചൊടിപ്പിച്ചു കഴിഞ്ഞു. ഇത് ലബനാനെ വീണ്ടും ആഭ്യന്തര യുദ്ധത്തിലേക്ക് വലിച്ചിഴക്കുമോ എന്നാണ് ആശങ്ക.

## അറബ്-ടർക്കിഷ് ഗവേഷകരുടെ സംഗമം




**അഞ്ഞൂറിലധികം** പ്രമുഖ അറബ്-തുർക്കി സാമൂഹിക ശാസ്ത്രജ്ഞരും ഗവേഷകരും ഒന്നിച്ചിരുന്ന വൈജ്ഞാനിക സമ്മേളനമായിരുന്നു 2010 ഡിസംബർ 10 മുതൽ 12 വരെ തുർക്കി തലസ്ഥാനമായ അങ്കാറയിൽ നടന്നത്. അങ്കാറയിലെ സ്ട്രാറ്റജിക് തിങ്കിംഗ് സെന്റർ, ഉസ്മാൻ ഗാസി യൂനിവേഴ്സിറ്റി, കയ്റോ യൂനിവേഴ്സിറ്റിയിലെ സംസ്കാര പഠന വിഭാഗം എന്നിവ സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്. ഇത്രയധികം അറബി- തുർക്കി ഗവേഷകർ ഒരുമിക്കുന്നത് ആദ്യമായാണെന്നാണ് വിലയിരുത്തൽ. 41 സെഷനുകൾ നടന്നു. അറബ്-തുർക്കി സംയുക്ത പൈതൃകത്തിന്റെ ചരിത്രവും പ്രാധാന്യവുമായിരുന്നു മുഖ്യ വിഷയം. മീഡിയയെക്കുറിച്ചും സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ചുമായിരുന്നു പ്രധാനമായും മറ്റു ചർച്ചകൾ. അറബ്-ടർക്കിഷ് കോൺഗ്രസ് ഓഫ് സോഷ്യൽ സയൻസസ് (ATCOSS 2010) എന്ന ബാനറിലാണ് പരിപാടി സംഘടിപ്പിച്ചത്.

## തുനീഷ്യൻ മോഡൽ ആത്മഹത്യാ ശ്രമം ഈജിപ്തിലും



**ഈജിപ്തിലെ** പാർലമെന്റ് മന്ദിരത്തിന് മുമ്പിൽ ഹോട്ടൽ നടത്തിപ്പുകാരന്റെ ആത്മഹത്യാ ശ്രമം. തന്റെ ഹോട്ടൽ ന്യായമായ കാരണങ്ങളില്ലാതെ പോലീസ് അടപ്പിച്ചതാണ് ഇസ്മാഈലിയ്യ പ്രവിശ്യയിലുള്ള അബ്ദു അബ്ദുൽ മുൻഇമിനെ പ്രകോപിപ്പിച്ചത്. പലേടത്തും പരാതി നൽകിയെങ്കിലും പ്രയോജനമുണ്ടായില്ല. ഒടുവിൽ പാർലമെന്റിന് സമീപം ദേഹത്ത് പെട്രോളൊഴിച്ച് തീ കൊളുത്തുകയായിരുന്നു. ഗുരുതരമായി പൊള്ളലേറ്റ മുൻഇം ചികിത്സയിലാണ്.

തുനീഷ്യൻ മോഡൽ പ്രതിഷേധ സമരം അയൽനാടുകളിലേക്കും വ്യാപിക്കുന്നതിന്റെ സൂചനയാണിതെന്ന് രാഷ്ട്രീയ നിരീക്ഷകർ കരുതുന്നു. സമാനമായ ഒരു സംഭവത്തിൽ കഴിഞ്ഞ ഡിസംബർ 17-ന് തുനീഷ്യൻ നഗരമായ സീദീബൂസൈദിൽ മുഹമ്മദ് ബൂ അസീസി എന്നൊരു വഴിയോരക്കച്ചവടക്കാരൻ തീകൊളുത്തി ആത്മഹത്യ ചെയ്തതിനെത്തുടർന്നുണ്ടായ പ്രക്ഷോഭമാണ് തുനീഷ്യൻ ഏകാധിപതി സൈനുൽ ആബിദീൻ ബിൻ അലിയുടെ കസേര തെറിപ്പിച്ചത്. ബിൻ അലി പുറത്തായതിനെ തുടർന്ന് രണ്ട് ദിവസത്തിനകം അൾജീരിയയിൽ നാല് യുവാക്കൾ ആത്മഹത്യാ ശ്രമം നടത്തിയതായി റിപ്പോർട്ടുണ്ട്. തൊഴിലില്ലായ്മയിൽ പ്രതിഷേധിച്ചായിരുന്നു ഇത്. ഇവരിലൊരാൾ പിന്നീട് മരണപ്പെട്ടു. തിരിച്ചടി ഭയന്ന് അൾജീരിയൻ ഭരണകൂടം ബൂഖള്റ മുൻസിപ്പാലിറ്റി അധ്യക്ഷനെ തൽസ്ഥാനത്ത് നിന്ന് ഉടൻ നീക്കം ചെയ്യുകയുണ്ടായി.

## ബിൻ അലിയുടെ ഭാര്യ കടത്തിയത് ഒന്നര ടൺ സ്വർണം

**സ്ഥാനഭ്രഷ്ടനാക്കപ്പെട്ട** തുനീഷ്യൻ ഭരണാധികാരി ബിൻ

അലിയുടെ ഭാര്യ ലൈലാ ത്വറാബുലുസി സെൻട്രൽ ബാങ്കിൽ നിന്ന് ഒറ്റ ദിവസം അടിച്ചുമാറ്റിയത് ഒന്നര ടൺ സ്വർണം! ലൈല ദുബൈയിലേക്കാണ് മുങ്ങിയതെന്നാണ് സൂചന. 45 മില്യൻ യൂറോ (60 മില്യൻ ഡോളർ) വിലമതിക്കുമിത്.

## ഗസ്സയിലെ ഖുബാ മസ്ജിദ് നമസ്കാരത്തിന് തുറന്നു



**കടുത്ത** ഉപരോധത്തിനിടയിലും എഞ്ചിനീയറിംഗ് വിസ്മയങ്ങൾ തീർത്ത് ഗസ്സയിൽ ഖുബാ മസ്ജിദ് നമസ്കാരത്തിന് സജ്ജമായി. ഗസ്സയുടെ തെക്ക് ഭാഗത്ത് ഖാൻയൂനുസ് നഗരത്തിന് സമീപമാണ് ഇത് പണിതിട്ടുള്ളത്. മസ്ജിദുൽ അഖ്സാക്ക് സമീപമുള്ള വിശ്വ പ്രശസ്തമായ ഖുബ്ബതുസ്സ്വഖ്റയുടെ മാതൃകയിലാണ് ഇതിന്റെ നിർമിതി. അകത്തെ വിസ്തീർണം 520 ചതുരശ്ര മീറ്റർ. ഉയരം 16 മീറ്റർ. അകത്ത് തൂണുകളില്ല. ഒരേസമയം ആയിരം പേർക്ക് നമസ്കരിക്കാം.



● അബൂത്വാഹ

35കാരനായ അബൂത്വാഹയാണ് ഇതിന്റെ മുഖ്യ ശിൽപി. ചിരകാലാഭിലാഷം സാധ്യമായതിന്റെ നിർവൃതിയിലാണ് അദ്ദേഹം. അബൂത്വാഹയുടെ പിതാവും നിരവധി പള്ളികൾക്ക് രൂപ കൽപന ചെയ്തിട്ടുണ്ട്. ഒരു ലക്ഷത്തി എൺപതിനായിരം ഡോളറാണ് നിർമാണച്ചെലവ്. എല്ലാം ഉദാരമതികളുടെ സംഭാവന.

## ബിൻ അലി പുറത്തായതിൽ ഖദ്ദാഫിക്ക് പരിഭവം

**തുനീഷ്യൻ** ഭരണാധികാരി സൈനുൽ ആബിദീൻ ബിൻ അലി പുറത്തായതിൽ മറ്റൊരു സ്വേഛാധിപതിയായ ലിബിയയിലെ മുഅമ്മർ ഖദ്ദാഫിക്ക് രോഷവും പരിഭവവും. പുറത്താക്കൽ ഇത്ര നേരത്തെ വേണ്ടിയിരുന്നില്ല എന്നാണ് കേണലിന്റെ പക്ഷം.



● ബിൻഅലിയും ഖദ്ദാഫിയും

തുനീഷ്യ കണ്ട 'മികച്ച വ്യക്തി' ആണത്രെ ബിൻ അലി. പ്രസിഡന്റിന്റെ കാലാവധി തീരുന്ന 2014 വരെയെങ്കിലും കാത്തിരുന്നുകൂടായിരുന്നോ എന്നാണ് ഖദ്ദാഫിയുടെ ചോദ്യം. കൊള്ളയും കൊലപാതകവും കൊള്ളിവെപ്പുമാണ് ഇനി തുനീഷ്യയിൽ അരങ്ങേറാൻ പോകുന്നതെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

## ഹുബലിനെ മാത്രമല്ല മറ്റു വിഗ്രഹങ്ങളെയും വീഴ്ത്തണം



● ഡോ. ഖറദാവി

**ഏകാധിപതിക്കെതിരെ** വിപ്ലവം നയിച്ച തുനീഷ്യൻ ജനതയെ ലോക പണ്ഡിത വേദിയുടെ അധ്യക്ഷൻ ഡോ. യൂസുഫുൽ ഖറദാവി അഭിവാദ്യം ചെയ്തു. ഏകാധിപത്യത്തിന്റെ വലിയ വിഗ്രഹം വീണുടഞ്ഞു, തൊട്ടടുത്ത നാടുകളിലെ മറ്റു വിഗ്രഹങ്ങളെയും വീഴ്ത്തണം- ഖറദാവി പറഞ്ഞു. "ഏറ്റവും വലിയ വിഗ്രഹം ഹുബൽ വീണു കഴിഞ്ഞു; ലാത്ത, ഉസ്സ തുടങ്ങി ഇനിയുമുണ്ട് വിഗ്രഹങ്ങൾ ബാക്കി."

ബിൻ അലിയുടെ കാലത്തെ പ്രധാനമന്ത്രിയായിരുന്ന മുഹമ്മദുൽ ഗനൂശിയെ ദേശീയ ഗവൺമെന്റുണ്ടാക്കാൻ ചുമതലപ്പെടുത്തിയതിനെ ഖറദാവി ശക്തിയായി വിമർശിച്ചു. "പതിനായിരങ്ങളെ കൊന്നൊടുക്കിയ ഒരാളെയാണോ 'രാഷ്ട്രത്തെ രക്ഷിക്കാൻ' ചുമതലപ്പെടുത്തുന്നത്? യഥാർഥത്തിൽ ഭരണകക്ഷിയിലെ ഒരാളും ഈ ഐക്യ ഗവൺമെന്റിൽ ഉണ്ടാകാൻ പാടില്ല. പുറത്തുള്ള പാർട്ടികളെ ചേർത്താവണം അത് രൂപവത്കരിക്കുന്നത്." ■